നല്ല തരം തെങ്ങിൻ തൈകളും കൊക്കോ, വാഴ, മാവ്, കുരുമുളക്, പച്ചക്കറി വിത്തുകളും കൃഷിക്കാവശ്യമായ രാസവളങ്ങളും കീടനാശിനികളും സൗജന്യമായി നൽകുന്നതിനുള്ള ഒരു പദ്ധതി നടപ്പാക്കി വരുന്നുണ്ട്.

(ബി) ഈ പദ്ധതി പ്രകാരം 624 ഹരിജൻ/ഗിരിജൻ കോളനികളിലായി 53589 കുടുംബങ്ങൾക്ക് സഹായം ലഭ്യമാക്കിയിട്ടുണ്ട്.

കൊക്കോ കൃഷി

* 83 [91] ശ്രീ. പി. ജെ. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ എത്ര ഹെക്ടർ സ്ഥലത്ത് കൊക്കോ കൃഷി ചെയ്യുന്നുണ്ട്;

(ബി) ഇവിടെ ഉൽപ്പാദിപ്പിക്കുന്ന കൊക്കോ സംസ്ക്കരിക്കുന്നതിനും വാണിജ്യാടിസ്ഥാനത്തിൽ ഉൽപ്പന്നങ്ങൾ ഉണ്ടാക്കുന്നതിനും എന്തെങ്കിലും പദ്ധതി ഗവൺമെന്റിന്റെ പക്കലുണ്ടോ;

(സി) ഉണ്ടെങ്കിൽ എന്തെല്ലാം?

കൃഷിവകുപ്പുമന്ത്രി (ശ്രീ. എ. എൽ. ജേക്കബ്):

(എ) ഉദ്ദേശം 12,000 ഹെക്ടർ.

(ബി) ഉണ്ട്.

(സി) പൊതുമേഖലയിൽ ഒരു കൊക്കോ സംസ്ക്കരണ യൂണിറ്റ് ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്.

(iii) നക്ഷത്രചിഹ്നമിടാത്ത ചോദ്യോത്തരങ്ങൾ

ആയുർവേദം, ഹോമിയോ ചികിൽസകളുടെ പുരോഗതിക്ക് സ്വീകരിച്ച നടപടികൾ

54 [91] ശ്രീ. ലോനപ്പൻ നമ്പാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവും വിദ്യുച്ഛക്തിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ആയുർവേദം, ഹോമിയോപ്പതി ചികിൽസകളുടെ പുരോഗതിക്കായി എന്തെല്ലാം നടപടികൾ സ്വീകരിച്ചു;

(ബി) പുതുതായി സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാം?

ഉത്തരം

(എ) സംസ്ഥാനത്ത് കൂടുതൽ ഹോമിയോപ്പതി ആശുപത്രികളും ഡിസ്പെൻസറികളും തുടങ്ങുകയും കോഴിക്കോട് ആസ്ഥാനമായി ഒരു ഹോമിയോ ഡിഗ്രി കോളേജ് പുരോഗതിയിലെത്തിക്കുന്നതിന് നടപടി എടുക്കുകയും ചെയ്തു (21 ഹോമിയോ ഡിസ്പെൻസറികൾ തുറക്കുകയും പുഷ്പകണ്ടം ഡിസ്പെൻസറി 25 കിടക്കകൾ ഉള്ള ആശുപത്രിയായി ഉയർത്തുകയും ചെയ്തു).

LIBRARY ARCHIVES Kerala Legislative Assembly

ആയുർവേദ ചികിൽസയുടെ പുരോഗതിക്കായി താഴെ പറയുന്ന നടപടികൾ സ്വീകരിച്ചു:—

(1) 17 ആയുർവേദ ഡിസ്പെൻസറിയും ഒരു ആയുർവേദ മർമ്മ ആശുപത്രിയും സ്ഥാപിച്ചു.

(2) 6 കിടക്കകളുള്ള 4 ആശുപത്രികളെ 10 കിടക്കകളുള്ള ആശുപത്രിയായി ഉയർത്തി.

(3) 30 കിടക്കകളുണ്ടായിരുന്ന കൊല്ലം, കണ്ണൂർ എന്നീ ജില്ലാ ആശുപത്രികളിലെ കിടക്കകളുടെ എണ്ണം 50 ആയി വർദ്ധിപ്പിക്കുകയും എറണാകുളം, പാലക്കാട് എന്നീ ജില്ലാ ആശുപത്രികളിൽ മർമ്മ വിഭാഗം പുതുതായി തുടങ്ങുകയും ചെയ്തു.

(4) പ്രകൃതി ചികിൽസയ്ക്കുവേണ്ടി ഒരാശുപത്രി സ്ഥാപിക്കുന്നതിന് വർക്കലയിൽ 5.31 ഏക്കർ സ്ഥലം വാങ്ങുകയുണ്ടായി.

(5) കടമക്കുടി, പട്ടണക്കാട്, ശബരിമല, പയ്യന്നൂർ എന്നീ ആശുപത്രികളുടെ കെട്ടിട നിർമ്മാണം പൂർത്തിയായി.

(6) ആയുർവേദ മെഡിക്കൽ ആഫീസർമാരുടെ പ്രൊമോഷൻ സാദ്ധ്യതകൾ വർദ്ധിപ്പിക്കുന്നതിനായി 4:1 എന്ന അനുപാതക്രമം അനുവദിക്കുകയും അതനുസരിച്ച് 75 സീനിയർ മെഡിക്കൽ ആഫീസർമാരുടെ തസ്തിക അനുവദിക്കുകയും ചെയ്തു.

(7) കൂടാതെ ഇടുക്കി ജില്ലയിൽ ഒരു മൊബൈൽ ഡിസ്പെൻസറി സ്ഥാപിക്കുന്നതിനും, കൊടകര, വേളിമുക്ക് എന്നീ ആശുപത്രികളിൽ പഞ്ചകർമ്മ വിഭാഗം തുടങ്ങുന്നതിനും ജില്ലാ ഓഫീസുകളിൽ സ്റ്റാഫിന്റെ എണ്ണം വർദ്ധിപ്പിക്കുന്നതിനും ഇതിനകം ഉത്തരവ് നൽകിക്കഴിഞ്ഞിട്ടുണ്ട്.

(ബി) ധനലഭ്യതയനുസരിച്ച് വർഷംതോറും പഞ്ചായത്ത് അടിസ്ഥാനത്തിൽ കൂടുതൽ ഹോമിയോ ഡിസ്പെൻസറികൾ തുറക്കുക, താലൂക്ക് തോറും ഹോമിയോ ആശുപത്രി സ്ഥാപിക്കുക, എന്നിവ കൂടാതെ ആശുപത്രിയിലെ കിടക്കകളുടെ എണ്ണം വർദ്ധിപ്പിക്കുക, ക്ലിനിക്കൽ പരിശോധനയ്ക്ക് കൂടുതൽ ആധുനിക ഉപകരണങ്ങൾ നൽകുക എന്നീ പരിപാടികളാണ് ഹോമിയോ ഡിപ്പാർട്ടുമെന്റിൽ നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്.

ആയുർവേദ ഡിപ്പാർട്ടുമെന്റിനു കീഴിൽ നടപ്പാക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ താഴെ പറയുന്നവയാണ്:—

(1) ജില്ലയ്ക്ക് 2 എന്ന തോതിൽ 22 ഡിസ്പെൻസറികൾ സ്ഥാപിക്കുക.

(2) ഇടുക്കി ജില്ലയിൽ ഒരു ഡിസ്പെൻസറി സ്ഥാപിക്കുക.

(3) അഞ്ചു ആയുർവേദ ഡിസ്പെൻസറികളെ 10 ബെഡ്ഡുകളുള്ള ആശുപത്രിയായി ഉയർത്തുക.

(4) കോട്ടക്കൽ ആയുർവേദ ആശുപത്രിയുടെ പുരോഗതിക്കായി ഒരു ലാബ്റട്ടറി സ്ഥാപിക്കുക.

(5) തിരുവനന്തപുരം സെൻട്രൽ സ്റ്റോറിന്റെ നില മെച്ചപ്പെടുത്തുകയും കോട്ടയത്ത് പുതുതായി ഒരു ഡിസ്ട്രിക്ട് സ്റ്റോർ തുടങ്ങുകയും ചെയ്യുക.

LIBRARY ARCHIVES Kerala Legislative Assembly

(6) ഇരിങ്ങാലക്കുട, കണ്ണൂർ എന്നീ ആശുപത്രികളിൽ പേവാർഡ് സൗകര്യങ്ങൾ ഉണ്ടാക്കുക.

(7) നേഴ്സുമാർക്കുവേണ്ടി അഞ്ച് ആശുപത്രികളിലായി 18 ക്വാർട്ടേഴ്സുകൾ പണിയുക.

(8) നാല് ഡിസ്പെൻസറികൾ, ഒരാശുപത്രി എന്നിവയോടനുബന്ധിച്ച് സ്റ്റാഫ് ക്വാർട്ടേഴ്സുകൾ പണിയുക.

(9) മൂന്നു ആശുപത്രികൾക്കും 6 ഡിസ്പെൻസറികൾക്കും പുതുതായി കെട്ടിടം നിർമ്മിക്കുക.

(10) നിലവിലുള്ള പോസ്റ്റ് ഗ്രാഡ്വേറ്റ് സെൻറർ, ഫാർമോകോഗ്നസി യൂണിറ്റ്, ബൊട്ടാണിക്കൽ ഗാർഡൻ പ്രസിദ്ധീകരണ വിഭാഗം എന്നിവയുടെ കൂടെ സെൻട്രൽ കൗൺസിൽ ഓഫ് ഇൻഡ്യൻ മെഡിസിന്റെ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന റീജിയണൽ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് (പൂജപ്പുര) സെൻട്രൽ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് (ചെറുതുരുത്തി) എന്നിവ കൂടി ലയിപ്പിച്ച് ഒരു ആയുർവേദ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുക.

ഡോക്ടർമാരുടെ സ്ഥലം മാറ്റം

55 [92] ശ്രീ. ലോനപ്പൻ നമ്പാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവും വിദ്യുച്ഛക്തിയും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡോക്ടർമാരെ സ്ഥലം മാറ്റുന്നതിന് ഇന്ന് സ്വീകരിച്ചിട്ടുള്ള മാനദണ്ഡം എന്താണ്;

(ബി) ഇതിൽ നിന്നു വിപരീതമായി എത്ര ഡോക്ടർമാർക്ക് ആനുകൂല്യങ്ങൾ നൽകിയിട്ടുണ്ട്;

(സി) ഒന്നിൽ കൂടുതൽ സ്ഥലം മാറ്റം ഈ വർഷത്തിൽ തന്നെ കിട്ടിയ എത്ര ഡോക്ടർമാരുണ്ട്;

(ഡി) ഈ വർഷം ഏറ്റവും കൂടുതൽ തവണ സ്ഥലം മാറ്റം കിട്ടിയ ഡോക്ടർമാരുടെ പേര് പറയാമോ;

(ഇ) തൃശ്ശൂരിൽ ഒരു ഡോക്ടറെ രാഷ്ട്രീയ പ്രേരിതമായി സ്ഥലം മാറ്റുകയും ഹൈക്കോടതിയിൽ പോയി സ്റ്റേ വാങ്ങിക്കുകയും ചെയ്തിട്ടുണ്ടോ?

(എഫ്) ഉണ്ടെങ്കിൽ വിശദ വിവരങ്ങൾ വ്യക്തമാക്കുമോ?

ഉത്തരം

(എ) 14-3-1979-ലെ ജി. ഒ. (ആർറ്റി) 836/791/ആ. വ. എന്ന നമ്പർ അനുസരിച്ച് ഡോക്ടർമാർ ഉൾപ്പെടെയുള്ള ആരോഗ്യ വകുപ്പ് ജീവനക്കാരുടെ സ്ഥലം മാറ്റത്തെ കുറിച്ചും 20-4-1979 ലെ ജി. ഒ. (ആർറ്റി) 1413/79/ആ. വ. എന്ന നമ്പരിൽ മെഡിക്കൽ കോളേജുകളിലെ റ്റീച്ചിംഗ് സ്റ്റാഫിനെ കുറിച്ചും നിബന്ധനകൾ ആവിഷ്ക്കരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly